നമ്പർ. ഇ 1/20876/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 29/05/2018

## സർക്കുലർ

വിഷയം: -കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ വിവരാവകാശ നിയമം - അപ്പീൽ അധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- പൊതുഭരണ വകുപ്പിന്റെ 30/10/2006 - ലെ സർക്കുലർ നം. 77000/സി.ഡി.എൻ5/06/പൊ.ഭ.വ

**************

എല്ലാ ഓഫീസ് മേധാവികളും വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്യേണ്ടതും ടി സ്ഥാനങ്ങൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ പൊതുജന ശ്രദ്ധയിൽ വരും വിധം ഓഫീസുകളിൽ എഴുതി പ്രദർശിപ്പിയ്ക്കണമെന്നും മേൽ സൂചന സർക്കുലറിലൂടെ സർക്കാർ മാർഗ്ഗ നിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ ഓഫീസ് മേധാവി പ്രിൻസിപ്പാൾ ആയതിനാൽ വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്യുന്നതിനും ടി വിവരങ്ങൾ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും മേൽ സൂചന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും നൽകേണ്ടതാകുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
0471-2303107
dd.colledn@kerala.gov.in

പകർപ്പ്

1. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്.
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (സർക്കുലർ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇ - മെയിൽ അയയ്ക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ 29/05/2018

GOVERNMENT OF KERALA 2017-18